# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 567 — 05/07/2013-ൽ മറുപടിക്ക്

### വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |

(എ) വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തുവാൻ നടപടി ആയിട്ടില്ല. എന്നാൽ സ്മാർട്ട് വില്ലേജ് പദ്ധതിയുടെ കീഴിൽ വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആധുനിക സൗകര്യങ്ങൾ ഒരുക്കിയും ആധുനിക സാങ്കേതിക വിദ്യയിലൂടെ ഇ-ഗവേണൻസ്, എം-ഗവേണൻസ്, എന്നിവയുടെ ഫലങ്ങൾ പരമാവധി

(എ) പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉറപ്പായും, ഉത്തരവാദിത്വത്തോടെയും, സുതാര്യ

(ബി) മായും നൽകി വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി (SMART- Speedy, Modern, Assured,Responsible, Transparent) മാറ്റുവാൻ

(സി) ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് SMART വില്ലേജ് പദ്ധതി. സ്ഥല സൗകര്യ ലഭ്യതയാനുസരിച്ച്

& അക്ഷയ കേന്ദ്രങ്ങളോ ടച്ച് സ്ക്രീൻ കിയോസ്കുകളോ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) 10.04.2013-ലെ 2053/13/ആർ.ഡി നമ്പർ ഉത്തരവ്പ്രകാരം 14 വില്ലേജുകൾ ഇപ്രകാരം ജനസൗഹൃദ വില്ലേജുകളാക്കുവാൻ ഉത്തരവായിട്ടുണ്ട്. 2013-14-ലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കു വേണ്ടി ഒരു കോടി നാൽപ്പത് ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു കൊണ്ട് അഴിമതിയും കാലതാമസവും പരമാവധി കുറച്ച് മെച്ചപ്പെട്ട സേവനം പൗരൻമാർക്ക് ഉറപ്പു വരുത്തുവാനും നല്ല രീതിയിലുള്ള സൗഹൃദാന്തരീക്ഷം വില്ലേജ് ഓഫീസുകളിൽ സൃഷ്ടിക്കപ്പെടാനും ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ, ഇപ്പോൾ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ